വിറ്റഴിക്കുന്നതിന് ഡിസ്ട്രസ് പർച്ചേസ് പദ്ധതി നടപ്പിലാക്കി വരുന്നു. വിപണിക്ക് അനുയോജ്യമായ ഏതുതരം കയർ ഉല്പാദിപ്പിക്കുന്നതിനും കയർ തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് 1/4 എച്ച്.പി. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടിൽ ആവശ്യമായ പരിശീലനം നൽകി വരുന്നു. വിപണിക്കാവശ്യമായ തരത്തിലുള്ള വൈവിദ്ധ്യമാർന്നതും നൂതനവുമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും സാങ്കേതിക വിദ്യയും ഗവേഷണവും വികസനത്തിനായി ഒരു നാഷണൽ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു. ചകിരിച്ചോറുകൊണ്ടുള്ള ഗ്രോബാഗ്സ് നിർമ്മിക്കുന്നതിന് ഇൻഡോ ഇബരിക്ക എന്ന കമ്പനിയും കയർഫെഡും ചേർന്ന് ഒരു പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) തൊണ്ട് നിയന്ത്രിത വിലയ്ക്കെടുക്കുന്ന നടപടികളൊന്നും എടുത്തിട്ടില്ല. കയർ ആക്ട് കേന്ദ്ര ഗവൺമെന്റിന്റേതാകയാൽ കേന്ദ്ര ഗവൺമെന്റാണ് ഇക്കാര്യത്തിൽ നടപടിയെടുക്കേണ്ടത്. കർണ്ണാടകയിൽനിന്നും ചകിരിയും ലക്ഷദ്വീപിൽനിന്നും തൊണ്ടും ചകിരിയും കൊണ്ടുവരുന്നതിനുള്ള ഒരു പൈലറ്റ് പദ്ധതിക്കും നടപടിയെടുത്തുവരുന്നു. ശ്രീലങ്കയിൽനിന്നും ചകിരി ഇറക്കുമതി ചെയ്യാനും അതിനുള്ള ഇറക്കുമതി ചുങ്കം ഒഴിവാക്കിത്തരുവാനും കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലക്ഷദ്വീപിൽനിന്നും മറ്റു സംസ്ഥാനങ്ങളിൽനിന്നും ചകിരി കൊണ്ടുവരുന്നതിന് കയർബോർഡിന്റെ സബ്സിഡി അനുവദിക്കണമെന്നു കയർബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തൊണ്ട് സംഭരിക്കുന്നതിന് കയർബോർഡിന്റെ ഒരു സബ്സിഡി പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഇതു കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു തരുമെന്നാണ് പ്രതീക്ഷ.

(സി) സംസ്ഥാനത്ത് തൊണ്ട് ലഭ്യമാണ്. എന്നാൽ വിവിധ കാരണങ്ങളാൽ ഏതാണ്ട് 37% മാത്രമേ കയർ മേഖലയിൽ ഉപയോഗിക്കപ്പെടുന്നുള്ളൂ.

(ഡി, ഇ) ഇപ്പോഴത്തെ കണക്കനുസരിച്ച് ഏതാണ്ട് 75 കോടി തൊണ്ട് ആവശ്യമാണ്.

(എഫ്) 2001-02-ലെ കണക്കു പ്രകാരം 5,479 മില്യൺ നാളികേരം.

(ജി) ഇല്ല.

(എച്ച്) ഇക്കാര്യം ഗവൺമെന്റ് ആലോചിച്ച് തീരുമാനിക്കുന്നതാണ്.

ഓൺ ലൈൻ ലോട്ടറി നിരോധനം

*29 [239] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഓൺ ലൈൻ ലോട്ടറി നിരോധിച്ച കാലയളവിൽ സംസ്ഥാന ലോട്ടറി ടിക്കറ്റ് വില്പനയിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാലയളവിൽ എത്ര കോടി രൂപയുടെ അധിക വരുമാനം ഉണ്ടായി എന്നറിയിക്കാമോ;

(സി) ഓൺ ലൈൻ ലോട്ടറി പൂർണ്ണമായി നിരോധിക്കുവാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ, ബി) 2003 ഡിസംബർ മാസത്തിൽ തൊട്ടുമുമ്പുള്ള മാസങ്ങളെ അപേക്ഷിച്ച് ടിക്കറ്റ് വില്പനയിൽ നേരിയ പുരോഗതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 2002 ഡിസംബർ മാസത്തേക്കാൾ 90,00,000 രൂപയുടെ കുറവാണ് 2003 ഡിസംബറിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

(സി) ഇല്ല.

പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ നടപടി

*30 [240] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. കെ. ബാബു:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവന്നു വിൽക്കുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനമുണ്ടോ;

(ബി) എങ്കിൽ അതെന്താണെന്ന് വിശദീകരിക്കുമോ;

(സി) ഓരോ ദിവസവും ചെക്ക്പോസ്റ്റുകൾ വഴി കൊണ്ടുവരുന്ന പാൽ ചെക്ക്പോസ്റ്റിൽ വച്ച് ഗുണമേന്മ പരിശോധിക്കുവാൻ ഉള്ള ഏർപ്പാടുണ്ടാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ, ബി) ഉണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലബോറട്ടറികളിലും, ക്ഷീരവികസന വകുപ്പിന്റെ ജില്ലാതല ഗുണനിയന്ത്രണ ലബോറട്ടറികളിലും, കൂടാതെ ക്ഷീരവികസന വകുപ്പിന്റെ തന്നെ ആലത്തൂരിൽ പ്രവർത്തിക്കുന്ന അത്യാധുനിക ലബോറട്ടറികളിലും പാലിന്റെ ഗുണമേന്മ പരിശോധിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ട്.

(സി) ഏർപ്പാടുണ്ടാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly